# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER **26** | **2018** |

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

# നിലയ്ക്കലിൽ 95 കോടിയുടെ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കും-ദേവസ്വം ബോർഡ് പ്രസിഡന്റ്

പ്രധാന ബേസ്ക്യാമ്പായ നിലയ്ക്കലിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുമെന്ന് ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ അറിയിച്ചു. ഇതിന്റെ ഭാഗമായി 95കോടി രൂപ ചെലവിൽ ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെ ശുദ്ധജലവിതരണ സംവിധാനം വിപുലമാക്കും. രാജു എബ്രഹാം എം.എൽ.എയുടെ അഭ്യർത്ഥനയെ തുടർന്നാണ് നടപടിയെന്ന് പ്രസിഡന്റ് കൂട്ടിച്ചേർത്തു. മണ്ഡലപൂജ സംബന്ധിച്ച ഒരുക്കങ്ങളെക്കുറിച്ച് ദേവസ്വം ഗസ്റ്റ് ഹൗസിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്വീവേജ്പ്ലാന്റ്, ജീവനക്കാർക്കുള്ള താമസസൗകര്യം, പാർക്കിങ് മെച്ചപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ എന്നിവയും നിലയ്ക്കലിൽ നടപ്പാക്കും. പമ്പയിൽ നിന്ന് ബേസ്ക്യാമ്പ് നിലയ്ക്കലിലേക്ക് മാറ്റാൻ 2007ലെ മാസ്റ്റർ പ്ലാനിൽ നിർദേശമു ായിരുന്നു. എന്നാൽ ഇപ്പോൾ മാത്രമാണ് ഒന്നാംഘട്ടം പൂർത്തിയാവുന്നത്. നിലവിലെ പ്രശ്നങ്ങൾ സ്വാഭാവികമാണ്. സ്വീവേജ് പ്ലാന്റ് ഇല്ലാത്തതും മറ്റ് അസൗകര്യങ്ങൾ നിലനിൽക്കുന്നതും അതിജീവിച്ച് മുന്നോട്ട് പോകാൻ കഴിഞ്ഞു. പതിനായിരംപേർക്ക് വിരിവയ്ക്കാനുള്ള സൗകര്യവും ശൗചാലയങ്ങളും പാർക്കിങ് സംവിധാനവും മാലിന്യ

സംസ്ക്കരണവും പ്രതിസന്ധികൾക്കിടയിലും ഒരുക്കാനായി. അടുത്തഘട്ട ത്തിൽ മുപ്പതിനായിരം ഭക്തർക്ക് വിരിവെയ്ക്കാനുള്ള സൗകര്യം നിലയ്ക്ക ലിൽ ഒരുക്കാനാണ് ദേവസ്വംബോർഡ് ആലോചിക്കുന്നത്.

നിരവധി വെല്ലുവിളികൾ അതിജീവിച്ചാണ് ഈ മണ്ഡലകാലം കടന്നു പോകുന്നത്. തീർത്ഥാടനം അട്ടിമറിക്കാൻ ശ്രമങ്ങൾ നടന്നെങ്കിലും പോലീ സിന്റെ ആത്മസംയമനം എല്ലാം അതിജീവിച്ചു. വിവിധവകുപ്പുകളുടെ പ്ര വർത്തനം ഏകോപിപ്പിച്ച് മികച്ച സേവനം ഭക്തർക്ക് ഒരുക്കാൻ കഴിഞ്ഞു. പ മ്പ പുനർനിർമാണത്തിനും നല്ലനിലയിൽ വകുപ്പുകളുടെ ഏകോപനമു ാ യി.

ദേവസ്വംബോർഡുമായി ആലോചിച്ച് സർക്കാർ ഒരുക്കിയ സംവിധാനങ്ങൾ പ്രശ്നങ്ങളെയെല്ലാം അതിജീവിച്ച് മണ്ഡലകാലം സമാധാനപരമായി മുന്നോ ട്ട് കൊ ുപോകാൻ സഹായിച്ചു. ഇതിനുപുറമെ ഹൈക്കോടതി നിയമിച്ച നിരീക്ഷണസമിതിയും മാധ്യമങ്ങളുടെ ഇടപെടലും ഏറെ സഹായിച്ചതായും പ്രസിഡന്റ് പറഞ്ഞു.

ഭക്തജനങ്ങളുടെ എണ്ണം സംബന്ധിച്ച് രസകരമായ കണക്കുകളാണ് പ ലരും പറയുന്നത്. ബോർഡിന്റെ കണക്കിൽ ആകെ 68 ലക്ഷമാണ് കഴിഞ്ഞ വർഷം ദർശനം നടത്തിയത്. ഈവർഷം ഇതുവരെ 30 ലക്ഷംപേർ എത്തി. ഇത് യഥാർത്ഥ കണക്കാണ്. മകരവിളക്ക് കഴിയുമ്പോൾ കൃത്യമായ കണക്ക് ദേവസ്വംബോർഡ് നൽകും. കണക്കുകൾ പെരുപ്പിച്ച് കാണിക്കേ തിന്റെ ആവശ്യമില്ലെന്നും പ്രസിഡന്റ് പറഞ്ഞു.

മണ്ഡലകാലത്തെ 39 ദിവസത്തെ നടവരവ് 105,11,93,413 രൂപയാ ണെന്നും ഇത് കഴിഞ്ഞവർഷം 164,03,89,391 രൂപ ആയിരുന്നെന്നും പ്രസിഡന്റ് പറഞ്ഞു. ചില്ലറ കണക്കുകൾ, ലേലം എന്നിവ കൂട്ടാതെയാണ് ഈ വർഷ ത്തെ കണക്ക്. അരവണ സംബന്ധിച്ച് വിവാദമു ാക്കാൻ ശ്രമിച്ചവർക്കെതി രെ നിയമനടപടി സ്വീകരിക്കാൻ ബോർഡ് ആലോചിക്കുന്നു ്. ശബരിമല യെ അപവാദങ്ങൾ നിരത്തി തകർക്കാൻ പ്രചാരണം നടത്തുന്നവർ മറ്റ് ക്ഷേ ത്രങ്ങൾ കൂടി തകർക്കാനാണ് ശ്രമിക്കുന്നതെന്നും പ്രസിഡന്റ് പറഞ്ഞു. ബോർഡംഗങ്ങളായ കെ.പി. ശങ്കരദാസ്, അഡ്വ. വിജയകുമാർ, ദേവസ്വം ക മ്മീഷ്ണർ എൻ. വാസു, എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ എ ന്നിവർ സംബന്ധിച്ചു.

(പി.ആർ. ശബരി-363)

## എക്സൈസ് പരിശോധന : 1.21 ലക്ഷം രൂപ പിഴയീടാക്കി

സന്നിധാനം, പമ്പ, നിലയ്ക്കൽ ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ എക്സൈസ് വകുപ്പ് 1,21,200 രൂപ പിഴയീടാക്കി. മണ്ഡലപൂജയുടെ തിരക്ക് പ രിഗണിച്ച് സന്നിധാനത്തും പമ്പയിലും നിലയ്ക്കലും കർശന ലഹരി നിയ

ന്ത്രണവും നിരീക്ഷണവും പരിശോധനയും എക്സൈസ് വകുപ്പ് ഏർപ്പെടുത്തി. പുകയില ഉത്പന്നങ്ങൾ, മദ്യം, കഞ്ചാവ് മുതലായവയുടെ ഉപയോഗം തടയുന്നതിനായി സന്നിധാനത്തും പമ്പയിലും നിലയ്ക്കലും കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചു.

ലഹരി വസ്തുക്കൾ പിടികൂടുന്നതിനായി സന്നിധാനത്ത് 20 പേരടങ്ങുന്ന മൂന്നു സംഘങ്ങൾ രാപ്പകൽ പ്രവർത്തിക്കുന്നു. മരക്കൂട്ടം, പാ ിത്താവളം, വേലിപ്പാടം, ഭസ്മക്കുളം, കൊപ്രക്കളം തുടങ്ങിയ ഇടങ്ങളിലും കച്ചവടസ്ഥാപനങ്ങൾ, സന്നിധാനത്തും പരിസരത്തുമുള്ള ബാത്ത് റൂമുകൾ എന്നിവയുടെ പരിസരത്തും കർശന പരിശോധന നടത്തും. ആളുകൾ സ്ഥിരമായി കൂട്ടം കൂടുന്നതും നിരീക്ഷിക്കും. സന്നിധാനത്ത് ഇതേവരെ 304 കേസുകളാണ് രജിസ്ട്രർ ചെയ്തിട്ടുള്ളത്. വിവിധ കേസുകളിലായി 60,800 രൂപ പിഴയീടാക്കിയിട്ടു ് . 38 പാക്കറ്റ് ബീഡി, 150 ഗ്രാം ഹാൻസ് എന്നിവയും ഇതിൽപ്പെടും. സന്നിധാനത്തെ 4 കടകളിൽ നിന്നും ലഹരി വസ്തുക്കൾ പിടിച്ചെടുത്തിരുന്നു.

പമ്പയിൽ ഇതേവരെ 120 കേസുകൾ രജിസ്ട്രർ ചെയ്തിട്ടു ് . 24,000 രൂപ പിഴയീടാക്കി. 111 കേസുകൾ പുകയില വസ്തുക്കൾ ഉപയോഗിച്ച ഇനത്തിലാണ്. 169 പാക്കറ്റ് സിഗരറ്റും 1043 പാക്കറ്റ് ബീഡിയും പിടിച്ചെടുത്തു. 4.26 ഗ്രാം പുകയിലയും 20 ഗ്രാം ഹാൻസും പിടിച്ചെടുത്തിട്ടു ് . നിലയ്ക്കലിൽ ഇതേവരെ 182 കേസുകളിൽ നിന്ന് 36,400 രൂപ പിഴയീടാക്കി. കടകളിൽ നിന്നും അയ്യപ്പഭക്തരെന്ന വ്യാജേന വരുന്നവരിൽ നിന്നുമാണ് ലഹരി വസ്തുക്കൾ പിടിച്ചെടുത്തത്. 24 പാക്കറ്റ് സിഗരറ്റ്, 50 പാക്കറ്റ് ഹാൻസ്, 27 പാക്കറ്റ് ബീഡി എന്നിവയാണ് പിടിച്ചെടുത്തിട്ടുള്ളത്. വിവിധ ഇടങ്ങളിലെ റെയ്ഡുകൾക്ക് സി.ഐമാരായ എൻ. രാജശേഖരൻ, രമേശ്, ഡി. മധുസൂദനൻ എന്നിവർ നേതൃത്വം നൽകി.

(പി.ആർ. ശബരി-364)

## 21 വിഭവങ്ങൾ; മണ്ഡലപൂജ സദ്യ കെങ്കേമം

മണ്ഡലപൂജയോടനുബന്ധിച്ച് ദേവസ്വം ബോർഡ് സന്നിധാനത്ത് ഒരുക്കിയ സദ്യ വിഭവ സമൃദ്ധിയാൽ കെങ്കേമമായി. പച്ചടി,കിച്ചടി,അവിയൽ,പപ്പടം, അട പായസം അടക്കം 21 ഓളം വിഭവങ്ങളാണ് തയ്യാറാക്കിയത്. അയ്യായിരം പേർക്കുള്ള സദ്യ ഹരിപ്പാട് സ്വദേശി സി.വി. ഗോപിനാഥൻ നായരുടെ നേതൃത്വത്തിലാണ് ഒരുക്കിയത്. സന്നിധാനത്തെ ദേവസ്വം ബോർഡ് ഭക്ഷണശാലയിൽ ഭക്തരടക്കമുള്ളവർ മണ്ഡലപൂജ സദ്യ കഴിക്കാനെത്തി. ഉത്സവക്കാലത്ത് മറ്റു ദിവസങ്ങളിൽ ദേവസ്വം ബോർഡ് ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും മാത്രമായാണ് ഭക്ഷണമൊരുക്കാറുള്ളത്. പ്രധാനമായും മണ്ഡലപൂജ ദിവസവും മകരവിളക്ക് ദിവസവുമാണ് സന്നിധാനത്ത് സദ്യ ഒരുക്കാറ്. തൃക്കാക്കര വാമന മൂർത്തി ക്ഷേത്രം മാനേജർ ജി. ഗോപകുമാറിനാണ്

സന്നിധാനത്തെ ഭക്ഷണശാലയുടെ പ്രത്യേക ചുമതല. ഭക്ഷണശാലയുടെ പ്രവർത്തനങ്ങൾക്കായി 125 പേരടങ്ങുന്ന സംഘത്തെയും നിയോഗിച്ചിട്ടു ്.

(പി.ആർ. ശബരി-365)

## വാവരുനട വരവ് 2.64 ലക്ഷം

മണ്ഡല മഹോത്സവക്കാലത്ത് വാവരുനടയിൽ നിന്നും കാണിക്കയായി ലഭിച്ചത് 2,64,424 രൂപ. ര ് വഞ്ചിയും അഞ്ച് കുടങ്ങളും എണ്ണിയതിൽ നിന്നാണ് ഇത്രയും തുക ലഭിച്ചത്. മണ്ഡല മഹോത്സവം തുടങ്ങിയ അന്നു മുതൽ 39 ദിവസത്തെ കണക്കാണിത്. മകരവിളക്ക് ഉത്സവം കൂടി പൂർത്തിയാകുമ്പോൾ വരവ് മുൻവർഷത്തേതിന് സമാനമാകുമെന്നാണ് പ്രതീക്ഷയെന്ന് ദേവസ്വം അക്കൗ ന്റ് ആർ.ശങ്കരനാരായണൻ അഭിപ്രായപ്പെട്ടു. വരവിന്റെ കാൽഭാഗം ദേവസ്വത്തിനും ബാക്കി പ്രധാനകർമ്മിക്കും 36 അവകാശികൾക്കും അവകാശപ്പെട്ടതാണ്. മാളികപുറം സ്പെഷ്യൽ ഓഫീസർക്കു കീഴിലാണ് വാവരുനട.

(പി.ആർ. ശബരി-366)

## ഇന്ന് (ഡിസംബർ 27) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (ഡിസംബർ 27) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നീതി മെഡിക്കൽസ് പത്തനംതിട്ട, അമൃത മെഡിക്കൽസ് കോന്നി, മാതാ മെഡിക്കൽസ് കോഴഞ്ചേരി, എം.ജി മെഡിക്കൽസ് അടൂർ, എൻ.ഇ.എസ് മെഡിക്കൽ മിഷൻ ഫാർമസി പന്തളം, ജനകീയ മെഡിക്കൽസ് തിരുവല്ല, മണ്ണായിക്കൽ ക്രിസ്റ്റോ മെഡിക്കൽസ് റാന്നി, താഴത്തില്ലത്ത് മെഡിക്കൽസ് വടശേരിക്കര.

(പി.ആർ. ശബരി-367)

# ശബരിമലയിലെ ചടങ്ങുകൾ(27.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.30ന് മണ്ഡലപൂജ (തങ്കഅങ്കി ചാർത്തി)
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് തങ്കഅങ്കി ചാർത്തി ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10 മണിക്ക് ഹരിവരാസനംപാടി നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 26 | 2018 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## ഒരുക്കങ്ങൾ പൂർണം ; മണ്ഡലപൂജ ഇന്ന്

മണ്ഡല ഉത്സവക്കാലത്തെ പ്രധാന ചടങ്ങായ മണ്ഡലപൂജ ഇന്ന് (27) ഉച്ചയ്ക്ക് 12.30ന് നടക്കും. ഇന്നലെ വൈകിട്ട് ആറരയോടെ പതിനെട്ടാംപടി കയറി ശ്രീകോവിലെത്തിച്ച തങ്കഅങ്കി ചാർത്തിയാണ് മണ്ഡലപൂജ. ഇന്നലെ ഉച്ചയ്ക്ക് നടയടച്ചതിനു ശേഷം ഫയർഫോഴ്സും ദേവസ്വം ജീവനക്കാരും ചേർന്ന് സന്നിധാനവും പതിനെട്ടാംപടിയും കഴുകി വൃത്തിയാക്കി. അഞ്ചുമണിയോടെ നട തുറന്നെങ്കിലും ദീപാരാധനയോടെയാണ് ഭക്തർക്ക് പ്രവേശനം അനുവദിച്ചത്.

തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായ എക്സിക്യൂട്ടിവ് ഓഫീസർ ഡി. സുധീഷ്കുമാർ, അസി. എക്സിക്യൂട്ടിവ് ഓഫീസർ ഡി. ജയകുമാർ, അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ ബി. മുരാരി ബാബു, സോപാനം സ്പെഷ്യൽ ഓഫീസർ നിഖിൽ മോഹൻ, പൊലീസ് അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ രമേഷ് കുമാർ, പി.ആർ.ഒ സുനിൽ അരുമാനൂർ, ഡെപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസർ വി.ആർ രാജീവ്, അയ്യപ്പ സേവാ സംഘ പ്രതിനിധി രവിചന്ദ്രൻ തുടങ്ങി 16 പേരെ മാലയണിയിച്ച് ഭസ്മം തൊടിയിച്ച് തങ്കഅങ്കി സ്വീകരിക്കാൻ ശരംകുത്തിയിലേക്ക് യാത്രയാക്കി. ഉച്ചയോടെ പമ്പയിലെത്തിയ തങ്കഅങ്കി ഘോഷയാത്ര വൈകിട്ടോടെ ശരംകുത്തിയിലെത്തി. തുടർന്ന് പതി

നെട്ടാംപടിക്കു മുകളിൽ വച്ച് ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാറിന്റെ നേതൃത്വത്തിൽ സ്വീകരിച്ച് ശ്രീകോവിലിലേക്ക് ആനയിച്ചു. തന്ത്രി കണ്ഠരര് രാജീവര്, മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരി എന്നിവർ ചേർന്ന് തങ്കഅങ്കി ശ്രീകോവിലിലേക്ക് ഏറ്റുവാങ്ങി. തുടർന്ന് തങ്കഅങ്കി ചാർത്തി ദീപാരാധന നടന്നു. ഹൈക്കോടതി നിരീക്ഷക സമിതിയംഗങ്ങളായ ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് പി.ആർ. രാമൻ, ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ ജസ്റ്റിസ് സിരിജഗൻ, ഡി.ജി.പി. എ. ഹേമചന്ദ്രൻ, ഡ്യൂട്ടി മജിസ്ട്രേറ്റ് അനു എസ്. നായർ, ദേവസ്വംബോർഡ് അംഗങ്ങളായ കെ.പി. ശങ്കരദാസ്, അഡ്വ. വിജയകുമാർ, ദേവസ്വം കമ്മീഷ്ണർ എൻ. വാസു തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഇന്ന് (27) രാവിലെ മൂന്നിന് നട തുറക്കും. 3.05 ന് നിർമാല്യം കഴിഞ്ഞ്, 3.15 മുതൽ ഉച്ചയ്ക്ക് 12 വരെ നെയ്യഭിഷേകം നടക്കും. തുടർന്നാണ് തങ്കഅങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കുക. വൈകിട്ട് മൂന്നിന് തുറക്കുന്ന നട 6.30ന് തങ്കഅങ്കി ചാർത്തിയുള്ള ദീപാരാധന, ഏഴിന് നടക്കുന്ന പുഷ്പാഭിഷേകത്തിനും 9.30ന് നടക്കുന്ന അത്താഴപൂജയ്ക്കും ശേഷം പത്ത് മണിയോടെ ഹരിവരാസനം പാടി അടയ്ക്കും. ഇതോടെ ഈ വർഷത്തെ മണ്ഡല മഹോത്സവത്തിന് സമാപ്തിയാവും. തുടർന്ന് ഡിസംബർ 30ന് വൈകിട്ട് 5.30ന് മകരവിളക്ക് ഉത്സവത്തിനായി വീ ും നട തുറക്കും.

(പി.ആർ. ശബരി-368)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 26 | 2018 |
| --- | --- |



ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

## മണ്ഡലപൂജ ഇന്ന്: ശക്തമായ സുരക്ഷാവലയത്തിൽ ശബരിമല

മണ്ഡല ഉത്സവകാലത്തെ പ്രധാനപൂജയായ മണ്ഡലപൂജ  ഇന്ന് ഉച്ചയ്ക്ക് 12.30ന് നടക്കും. സന്നിധാനവും പമ്പയും പരിസരവും ശക്തമായ സുരക്ഷാ വലയത്തിലാണ്. അടിയന്തര സാഹചര്യങ്ങളെ നേരിടാൻ എമർജൻസി ഓപ്പറേഷൻ സംവിധാനവും സജ്ജമാണ്. ആറ് വനിതകളടക്കം 1875 പോലീസ് സേനാംഗങ്ങളാണ് സന്നിധാനത്തുള്ളത്. കോഴിക്കോട് റൂറൽ എസ്.പി. ജി. ജയദേവാണ് സ്പെഷ്യൽ ഓഫീസർ. ഡി.വൈ.എസ്.പി. രമേശ്കുമാറാണ് അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ. കോഴിക്കോട് ക്രൈംബ്രാഞ്ച് എസ്.പി. പി.ബി. രാജീവിനാണ് ക്രമസമാധാന ചുമതല. ദ്രുതകർമ്മസേയുടെ 260സേനാംഗങ്ങൾ സന്നിധാനത്തും പമ്പയിലുമായു ˇ. ഡെപ്യൂട്ടി കമാഡന്റ് ദിനേഷ്കുമാറിന്റെ നേതൃത്വത്തിൽ സന്നിധാനം മുതൽ പമ്പവരെയുള്ള സുരക്ഷയും തിരക്ക് നിയന്ത്രണവും നിർവഹിച്ചുവരുന്നു. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ദേശീയ ദുരന്തനിവാരണ സേനയുടെ 93 സേനാംഗങ്ങളും സന്നിധാനത്തും പമ്പയിലുമായു ˇ. ദുരന്തനിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവിധവകുപ്പുകളുടെ മുന്നൊരുക്കങ്ങൾ നേരത്തെ വിലയിരുത്തിയിരുന്നു. വിവിധവകുപ്പുകൾ തമ്മിലുള്ള ആശയവിനിമയ സംവിധാനവും കുറ്റമറ്റതാക്കിയിട്ടു ˇ.  ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്തനിവാരണ പരിശീലനകേന്ദ്രം തയ്യാറാക്കിയ ദുരന്തനിവാര

ണ പദ്ധതി വകുപ്പ് അടിസ്ഥാനത്തിൽ ലഭ്യമാക്കി അടിയന്തരസാഹചര്യങ്ങളെ നേരിടാനും സംവിധാനമു ്.

അഗ്നിശമന സുരക്ഷാവകുപ്പ് സുരക്ഷ ശക്തമാക്കി കൂടുതൽ സേനാംഗങ്ങളെ സന്നിധാനത്തും പരിസരത്തും വിന്യസിച്ചിട്ടു ്. നിലവിൽ ഒൻപത് ഡ്യൂട്ടി പോയിന്റുകളിലായി 66 പേരാണ് സുരക്ഷ ഒരുക്കുന്നത്. ഉത്സവത്തോടനുബന്ധിച്ച് വിവിധയിടങ്ങളിൽ ജാഗ്രതയും നിരീക്ഷണവും ശക്തമാക്കിയിട്ടു ്. വിവിധ ജില്ലകളിൽ നിന്നെത്തിച്ച ഫയർഫോഴ്സിന്റെ ഉപകരണങ്ങൾ പൂർണസജ്ജമാണ്. തീപിടുത്തം, ഗ്യാസ് ചോർച്ച എന്നിവ നിമിഷങ്ങൾക്കകം തടയാൻ സന്നിധാനത്ത് മാത്രം 35 ഫയർ ഹൈഡ്രന്റുകൾ സ്ഥാപിച്ചിട്ടു ്. 24 മണിക്കൂർ സേവനവും ഫയർ ഫോഴ്സ് നേതൃത്വത്തിൽ സന്നിധാനത്ത് ഉറപ്പാക്കിയിട്ടു ്. അപ്പം, അരവണ പ്ലാന്റുകൾ, അന്നദാന മണ്ഡപം, കൊപ്രക്കളം, ഭസ്മക്കുളം എന്നിവിടങ്ങളിലും കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചുള്ള നിരീക്ഷണവും ശക്തമാണ്. തീപിടുത്തം, ഗ്യാസ് ചോർച്ച, ഇലക്ട്രിക്കൽ ഷോർട്ട് സർക്യൂട്ട് എന്നിവ തടയാൻ ദിവസേന ബോധവത്ക്കരണവും നടത്തുന്നു ്.

(പി.ആർ. ശബരി-369)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.